# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 09 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**അറ്റകുറ്റപണിക്കിടെ തോണി മറിഞ്ഞ്**

**കെ.എസ്.ഇ.ബി അസി. എൻജിനീയർ മരിച്ചു**

## ജില്ലയിൽ ഇന്നും (ആഗ. 10) നാളെയും (ആഗ. 11) ഓറഞ്ച് അലർട്ട്; പുഴയോരങ്ങളിൽ ജാഗ്രതാ നിർദേശം

തൃശൂർ ജില്ലയിൽ ഇന്നും (ആഗ. 10), നാളെയും (ആഗ. 11) കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. വെള്ളിയാഴ്ച ചാവക്കാട് താലൂക്കിലെ പുന്നയൂർക്കുളത്ത് വൈദ്യുതി ടവറിന്റെ അറ്റകുറ്റപണിക്കായി പോകവേ തോണി മറിഞ്ഞ് കെ.എസ്.ഇ.ബി അസി. എൻജിനീയർ മുങ്ങിമരിച്ചു. കെ.എസ്.ഇ.ബി വിയ്യൂർ ഓഫീസിലെ അസി. എൻജിനീയർ വാടാനപ്പള്ളി കിഴക്കേ പുരയ്ക്കൽ ബൈജു (42) ആണ് മരിച്ചത്. അപ്പുണ്ണി-തങ്കമണി ദമ്പതികളുടെ മകനാണ്. ഭാര്യ: അമ്പിളി. മകൾ: അനുപമ. മൃതദേഹം താമസസ്ഥലമായ മൂർക്കനിക്കരയിൽ പൊതുദർശനത്തിന് ശേഷം ഇന്ന് (ആഗ. 10) വാടാനപ്പള്ളിയിൽ സംസ്കരിക്കും.

വെള്ളിയാഴ്ച റെഡ് അലർട്ട് പ്രഖ്യാപിച്ചതിനെ തുടർന്ന് പുഴയോരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ നിർദേശം നൽകി. വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് ജില്ലയിൽ 10985 പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. 115 ദുരിതാശ്വാസ ക്യാമ്പുകളാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. ഇതിൽ 3145 കുടുംബങ്ങളുണ്ട്. ചാലക്കുടി താലൂക്കിലാണ് ഏറ്റവും കൂടുതൽ ക്യാമ്പുകളുള്ളത്. 32 ക്യാമ്പുകൾ.

താലൂക്കുകളിലെ ക്യാമ്പുകൾ, കുടുംബങ്ങൾ, ആകെ അന്തേവാസികൾ എന്ന ക്രമത്തിൽ ചുവടെ. തൃശൂർ: 18, 375, 1182. തലപ്പിള്ളി: 18, 379, 1070. മുകുന്ദപുരം: 19, 165, 640. കൊടുങ്ങല്ലൂർ: 22, 739, 2271. ചാവക്കാട്: 4, 303, 922. ചാലക്കുടി: 32, 1166, 4843. കുന്നംകുളം: 2, 18, 57.

ജില്ലയിലെ താലൂക്കുകളിലും കോർപറേഷനിലും നഗരസഭകളിലും കൺട്രോൾ റൂമുകൾ തുറന്നു

നദിയിൽ കുളിക്കുന്നതും, തുണി നനയ്ക്കുന്നതും, കളിക്കുന്നതും ഒഴിവാക്കണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. പാലങ്ങളിലും, നദിക്കരയിലും മറ്റും കയറി സെൽഫി എടുക്കൽ ഒഴിവാക്കുക. പുഴകളിലും തോടുകളിലും ജല നിരപ്പ് ഉയരുവാൻ സാധ്യതയുണ്ട്. പുഴകളിലും, ചാലുകളിലും, വെള്ളക്കെട്ടിലും മഴയത്ത് ഇറങ്ങാതിരിക്കണം. പ്രത്യേകിച്ച് കുട്ടികൾ ഇറങ്ങുന്നില്ലെന്ന് മുതിർന്നവർ ഉറപ്പുവരുത്തണം.

കൊടുങ്ങല്ലൂർ താലൂക്കിൽ എറിയാട് മഞ്ഞളിപ്പള്ളി ശിശുവിദ്യാപോഷിണി എൽ പി സ്കൂളിലാണ് ഏറ്റവും കൂടുതൽ കുടുംബങ്ങളെ പാർപ്പിച്ചിരിക്കുന്നത്. 334 കുടുംബങ്ങളാണ് ഇവിടെയുള്ളത്. അഴീക്കോട് സുനാമി ഷെൽട്ടർ-3, അഴീക്കോട് ജിഎൽപിഎസ്-63, എറിയാട് കേരളവർമ്മ ഹയർസെക്കൻഡറി സ്കൂൾ-24, ചെന്ത്രാപ്പിന്നി ചാമക്കാല മാപ്പിള ഹയർസെക്കൻഡറി സ്കൂൾ-16, ചെന്ത്രാപ്പിന്നി ആർ.സി.യു.പി സ്കൂൾ-25, കയ്പമംഗലം പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ-47, കൈപ്പമംഗലം പുത്തൻപള്ളി മദ്രസ-15, കൈപ്പമംഗലം ബാവുൽ ഉലൂം മദ്രസ-3, കയ്പമംഗലം ക്ഷേമോദയം ഗവ. സ്കൂൾ-48, കൊടുങ്ങല്ലൂർ പുല്ലൂറ്റ് ലേബർ എൽപി സ്കൂൾ-103, കൊടുങ്ങല്ലൂർ നഗരസഭ ടൌൺഹാൾ-9, മേത്തല ശൃംഗപുരം ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂൾ-37, ബാലാനുബോധിനി എൽപി സ്കൂൾ-44, പാപ്പിനിവട്ടം മതിലകം സെന്റ് ജോസഫ്സ് സ്കൂൾ-6, പെരിഞ്ഞനം ഗവ. യു.പി സ്കൂൾ-20, എടവിലങ്ങ് ഫിഷറീസ് സ്കൂൾ കാര-24, എടവിലങ്ങ് ഗവ. ഹയർസെക്കൻഡറി സ്കൂൾ-14,പൊയ്യ കൃഷ്ണൻകോട്ട എൽപി സ്കൂൾ-24,

പൊയ്യ എൽപി സ്കൂൾ നാലുവഴി കഴിഞ്ഞിത്തറ-5, പൊയ്യ സെൻറ് ആന്റണീസ് എൽപിഎസ് മാള-12, പൊയ്യ എൻഎസ് എൽപിഎസ് മടത്തുംപടി-3.

ചാവക്കാട് താലൂക്കിൽ നാല് ക്യാമ്പുകൾ. ഗവ. ഹൈസ്കൂൾ വലപ്പാട്, ജി.ഡി.എം സ്കൂൾ കുടുംബങ്ങൾ, നാട്ടിക പോളിടെക്നിക്, തളിക്കുളം ഹൈസ്കൂൾ എന്നിങ്ങെനയാണുള്ളത്.

മുകുന്ദപുരം താലൂക്കിൽ ആകെ 19 ക്യാമ്പുകൾ തുറന്നു. 165 കുടുംബങ്ങളിൽ നിന്നും 640 പേർ ക്യാമ്പുകളിൽ കഴിയുന്നു. ജി യു പി സ്കൂൾ പന്തല്ലൂർ, ജി എൽ പി എസ് പറപ്പൂക്കര, ഗവ. എൽ പി സ്കൂൾ വെള്ളൂർ, നമ്പർ : 48 നമ്പർ അംഗൻ വാടികരൂപ്പടന്നമുസാഫാരികുന്ന്, വടക്കുംകര ജി യു പി എസ്,നടവരമ്പ് ഹൈ സ്കൂൾ, കല്ലൂർ പാലക്കപ്പറമ്പ് സ്കൂൾ, പൂമംഗലം സെൻറ് മേരീസ് സ്കൂൾ എടക്കുളം, മുരിയാട് എ യു പി എസ്, എടതിരിഞ്ഞി എച് ഡി സി സമാജം സ്കൂൾ, തൃക്കൂർ ജി എൽ പി എസ് സ്കൂൾ, വള്ളിവട്ടം ജി യു പി എസ്, പടിയൂർഡോൺബോസ്കോ യൂറോപ്യൻ യു പി എസ്, കാട്ടൂർ മഹിളാ സമാജം, ഇരിങ്ങാലക്കുട ജി എച് എസ്, നമ്പർ അഞ്ച് താണിശ്ശേരി അങ്കണവാടി, തൊട്ടിപ്പാൾ കർഷക സമാജം യുപിഎസ്, കാറളം എഎൽപിഎസ് എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ ആരംഭിച്ചിരിക്കുന്നത്.

ചാഴൂർ പഞ്ചായത്തിൽ ജി എൽ പി എസ് കുറുമ്പിലാവിൽ ദുരിതാശ്വാസ ക്യാമ്പ് ആരംഭിച്ചു. നാല് കുടുംബങ്ങളാണ് ഇവിടെയുള്ളത്. താന്ന്യം പഞ്ചായത്തിൽ മൂന്ന് ക്യാമ്പുകൾ വൈകീട്ട് തുറന്നു.

ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ കഴിഞ്ഞ കടലേറ്റ സമയത്തു വീട് പൂർണമായി തകർന്ന അഞ്ച് കുടുംബങ്ങൾ ഇപ്പോഴും കോട്ട കടപ്പുറം സ്കൂളിൽ കഴിയുന്നുണ്ട്.

ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ അഞ്ചാം വാർഡിലെ അഞ്ചാംകല്ല് കിഴക്ക് ഭാഗത്തു ആരി ബിബീഷിന്റെ വീട് മഴയിൽ പൂർണമായി തകർന്നുവീണു. ആളപായമില്ല. മരങ്ങൾവീണ് മൂന്ന് വീടുകൾ പൂർണമായും നാലെണ്ണം ഭാഗികമായും തകർന്നു. അന്തിക്കാട് പഞ്ചായത്തിൽ ആറ് വീടുകൾക്ക് നാശനഷ്ടമുണ്ടായി. അന്തിക്കാട് പഞ്ചായത്തിൽ മരങ്ങൾ വീണ് ആറ് വീടുകൾ തകർന്നു.

മഴക്കെടുതിയിൽ ശ്രീനാരായണപുരം പഞ്ചായത്ത് പടിഞ്ഞാറേ വെമ്പല്ലൂർ ദുബായ് റോഡ് പടിഞ്ഞാറു വശം താമസിക്കുന്ന കാംബ്ലിക്കൽ ഷാജിയുടെ വീട് പൂർണമായും തകർന്നു.

## കൺട്രോൾ റൂം നമ്പറുകൾ

കാലവർഷക്കെടുതികൾ നേരിടാൻ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും കോർപറേഷനിലും നഗരസഭകളിലും കൺട്രോൾ റൂമുകൾ തുടങ്ങി. കളക്ടറേറ്റ് കൺട്രോൾ റൂമിൽ പുതിയ ഹെൽപ്ലൈൻ നമ്പർ തുടങ്ങി. ഹെൽപ്ലൈൻ നമ്പർ: 9847533100.

താലൂക്ക് തല കൺട്രോൾ റൂം നമ്പറുകൾ ഇവയാണ്.

തൃശൂർ: 0487 2331443. 9447731443, 8547614401

തലപ്പിള്ളി: 04884 232226, 9447723226, 8547614601

മുകുന്ദപുരം: 0480 2825259, 9447725259, 8547614301

ചാവക്കാട്: 0487 2507350, 9447707350,8547614501

കൊടുങ്ങല്ലൂർ: 0480 2802336, 9447702336,8547614201

ചാലക്കുടി: 0480 2705800, 8547618440, 8547618441

കുന്നംകുളം: 04885 225200, 225700 8547002060, 9495693212

കൊടുങ്ങല്ലൂർ നഗരസഭ കൺട്രോൾ റൂം ഫോൺ: 0480 2802341.

കുന്നംകുളം നഗരസഭ കൺട്രോൾ റൂം: 04885 222221

തൃശൂർ കോർപറേഷൻ ഹെൽപ്ലൈൻ നമ്പർ: 0487 24295.

## അസുരൻകുണ്ട് ഡാം തുറന്നു; ജാഗ്രത പാലിക്കണം

കാലവർഷം ശക്തി പ്രാപിച്ചതിനാലും ജലനിരപ്പ് ക്രമാതീതമായി ഉയരുന്നതിനാലും തലപ്പിള്ളി താലൂക്കിലെ അസുരൻകുണ്ട് ഡാം വെള്ളിയാഴ്ച വൈകീട്ട് 3.30 ന് തുറന്നു. മൂന്ന് ഷട്ടറുകളാണ് 30 സെ.മീ വീതം തുറന്നത്. 8.20 മീറ്ററാണ് നിലവിലെ ജലനിരപ്പ്. ചേലക്കര, പാഞ്ഞാൾ, മുള്ളൂർക്കര പഞ്ചായത്തുകളിലെ പരിസരവാസികൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ

മുന്നറിയിപ്പ് നൽകി. ജനങ്ങളുടെ സുരക്ഷയും ഡാമിന്റെ സുരക്ഷയും മുൻ നിർത്തി ഡാമിലെ ജലനിരപ്പ് 8.2 മീറ്ററായി നിലനിർത്തി സർപ്ലസ് ഷട്ടറുകൾ പകൽ തുറക്കുന്നതിനാണ് കളക്ടർ അനുമതി നൽകിയത്. ഡാം തുറന്നുവിടുന്നതു മൂലം ചേലക്കര തോടിലെ ജലനിരപ്പ് ക്രമാതീതമായ ഉയരാൻ സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിനും മറ്റ് അനുബന്ധപ്രവൃത്തികൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ഡാമിലെ വെള്ളം ചേലക്കര തോട് വഴി ഭാരതപ്പുഴയിൽ എത്തിച്ചേരുന്നതിനാൽ അതിന്റെ തീരത്തുള്ളവർ വെള്ളത്തിലിറങ്ങുകയോ മത്സ്യബന്ധനത്തിന് പോവുകയോ ചെയ്യരുതെന്ന് നിർദേശം നൽകി.

# ജില്ലാ വെറ്ററിനറി കേന്ദ്രം കൺട്രോൾ റൂം തുറന്നു

കാലവർഷക്കെടുതിയോടനുബന്ധിച്ച് മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തൃശൂർ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് പൊതുജനങ്ങൾക്ക് കൺട്രോൾ റൂമുമായി ബന്ധപ്പെടാം. ഫോൺ: 0487-2424223, 9447246970.

# പ്രളയം: തൃശൂർ ജില്ലയ്ക്ക് രണ്ട് കോടി അടിയന്തര സഹായം

പ്രളയദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്ക് അടിയന്തര സഹായമായി തൃശൂർ ജില്ലയ്ക്ക് രണ്ട് കോടി അടിയന്തിര സഹായമായി സംസ്ഥാന സർക്കാർ അനുവദിച്ചു. തുക അതത് ജില്ലാ കലക്ടർമാർക്കാണ് അനുവദിച്ചത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ് തുക അനുവദിച്ചത്.

# ഉരുക്കളെ സുരക്ഷിത സ്ഥാനത്ത് മാറ്റണം മുന്നൊരുക്കങ്ങൾ കൈക്കൊള്ളണം

മഴ രൂക്ഷമായ സാഹചര്യത്തിൽ പ്രളയസാധ്യതയുള്ളതും വെള്ളം കയറിയതുമായ പ്രദേശങ്ങളിലെ ഉരുക്കളെ സുരക്ഷിതസ്ഥാനത്തേക്ക് മാറ്റണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഉരുക്കളുടെ തീറ്റക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ക്ഷീരസംഘം പ്രതിനിധികൾ കൈക്കൊള്ളണം. തീറ്റപ്പുൽകൃഷി, കാലിത്തീറ്റ, വൈക്കോൽ, തൊഴുത്ത്, ഉരുക്കൾ എന്നിവ സംബന്ധിച്ച നാശനഷ്ടങ്ങൾ തൊട്ടടുത്ത ക്ഷീരസംഘത്തിലോ, ക്ഷീവികസന യൂണിറ്റിലോ, മൃഗാശുപത്രികളിലോ നിർബന്ധമായും അറിയിക്കണം. ക്ഷീരസംഘങ്ങളിൽ സൂക്ഷിച്ച കാലിത്തീറ്റകൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റണം. സംഘങ്ങളുടെ രേഖകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, അടിയന്തിരമായി സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറ്റണം. കണക്കുകളുടെ ബാക്ക് അപ്പ് എടുത്ത് വയ്ക്കണം. ഉരുക്കളുടെ സുരക്ഷയ്ക്കൊപ്പം ക്ഷീരകർഷകർ, ജീവനക്കാർ തുടങ്ങിയവരുടെ സുരക്ഷിതത്വവും ഉറപ്പ് വരുത്തണം. ഓരോ പ്രദേശത്തും ദുരിതനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ക്ഷീരസംഘം ജീവനക്കാർ സംഘം ഭരണസമിതി അംഗങ്ങൾ മുന്നോട്ട് വരണമെന്നും യോഗം അഭ്യർത്ഥിച്ചു.

പ്രകൃതി ദുരന്ത നിവാരണ സമിതി യോഗത്തിൽ മിൽമ ചെയർമാൻ പി എ ബാലൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. ക്ഷീരവികസന ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശാലിനി ഗോപിനാഥ്, ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഗിരിജ തുടങ്ങിയവർ സംബന്ധിച്ചു.

# പുനർലേലം

കേരള കലാമണ്ഡലം കൽപിത സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള 2010 മോഡൽ ഫോർഡ് ഫിയസ്റ്റ കാർ ആഗസ്റ്റ് 14 വൈകീട്ട് മൂന്നിന് ലേലം ചെയ്യും. വിശദവിവരങ്ങൾ www.kalamandalam.org എന്ന വെബ്സൈറ്റിൽ നിന്ന് അറിയാം. ഫോൺ: 0484-262418, 263440.

# നിർധനരായകലാപ്രതിഭകൾക്ക്

## സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കലാപഠനത്തിന് സ്കോളർഷിപ്പ് നൽകുന്നു. കഴിഞ്ഞ അധ്യയന വർഷത്തിൽ സബ്ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത് ജില്ലാതല യുവജനോത്സവത്തിൽ മത്സരിക്കുവാൻ യോഗ്യത നേടിയ കുടുംബ വാർഷിക വരുമാനം 75000 രൂപയിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. വരുമാന സർട്ടിഫിക്കറ്റ്, ജില്ലാതല മത്സരത്തിൽ പങ്കെടുത്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതമുള്ള അപേക്ഷ ആഗസ്റ്റ് 20 നകം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നൽകണം. ഫോൺ: 0487-2360810.

## രേഖകൾ നൽകണം

മലബാർ ദേവസ്വം ബോർഡ് ക്ഷേത്രജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി ഫണ്ടിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന എല്ലാ പെൻഷനർമാരും അവരുടെ ഫോൺ നമ്പർ, ആധാർ കാർഡിന്റെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും മണിയോഡറായി പെൻഷൻ കൈപ്പറ്റുന്നവർ നിലവിലുള്ള ബാങ്ക് അക്കൗണ്ട് സംബന്ധിച്ച് ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് സെപ്തംബർ 30 നകം സെക്രട്ടറി, മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി, ഹൗസ്ഫെഡ് കോംപ്ലക്സ്, എരഞ്ഞിപ്പാലം പി ഒ, കോഴിക്കോട് 673006 എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0495-2360720.

## ജൂനിയർ അനലിസ്റ്റ് ഒഴിവ്

പത്തനംതിട്ട കോന്നിയിലെ സിഎഫ്ആർഡിയിൽ ഫുഡ് ക്വാളിറ്റി മോണട്ടറിങ് ലാബിൽ ജൂനിയർ അനലിസ്റ്റ് (മൈക്രോബയോളജി, ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ്, കെമിസ്ട്രി) തസ്തികയിൽ നിയമനം നടത്തുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദവും പ്രവൃത്തിപരിചയവുമാണ് യോഗ്യത. വിശദവിവരങ്ങൾക്കും അപേക്ഷഫോറവും www.supplycokerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 19.

## റാങ്ക്പട്ടിക റദ്ദായി

തൃശൂർ ജില്ലയിൽ കോൺഫിഡൻഷ്യൽ അസി. ഗ്രേഡ് രണ്ട് തസ്തികയുടെ (കാറ്റഗറി നമ്പർ 130/2012) തെരഞ്ഞെടുപ്പിനായി 2016 മെയ് 23 ന് നിലവിൽ വന്ന റാങ്ക്പട്ടിക കാലാവധി പൂർത്തിയായതിനെ തുടർന്ന് 2019 മെയ് 23 പൂർവ്വാഹ്നം മുതൽ റദ്ദായി.

തൃശൂർ ജില്ലയിൽ ലൈബ്രേറിയൻ ഗ്രേഡ് നാല് തസ്തികയുടെ (കാറ്റഗറി നമ്പർ 476/2012) തെരഞ്ഞെടുപ്പിനായി 2016 ജൂൺ 20 ന് നിലവിൽ വന്ന റാങ്ക്പട്ടിക കാലാവധി പൂർത്തിയായതിനെ തുടർന്ന് 2019 ജൂൺ 19 പൂർവ്വാഹ്നം മുതൽ റദ്ദായി.

## ലേലം

ചാലക്കുടി ഗവ. ഐടിഐ കോമ്പൗണ്ടിൽ നിൽക്കുന്ന 51 മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ലേലം സെപ്തംബർ അഞ്ചിന് ലേലം ചെയ്യും. ഫോൺ: 0480-2701491.

## യോഗം 26 ന്

ക്ഷയരോഗ നിർമ്മാർജ്ജന ബോർഡ് യോഗം ആഗസ്റ്റ് 13 വൈകീട്ട് മൂന്നിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## പിഎസ്സി നിയമനശുപാർശ നേരിട്ട് നൽകുന്നതിന്റെ ജില്ലാതല ഉദ്ഘാടനം 13 ന്

കേരള പബ്ലിക് സർവീസ് കമ്മീഷൻ നിയമന ശുപാർശയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് നിയമന ശുപാർശ നൽകുന്നതിന്റെ ജില്ലാതല ഉദ്ഘാടനം കമ്മീഷൻ അംഗം ടി

ആർ അനിൽകുമാർ ആഗസ്റ്റ് 13 രാവിലെ പത്തിന് കെപിഎസ്സി തൃശൂർ ജില്ലാ ഓഫീസിൽ നിർവഹിക്കും.

## റേഷൻ വിതരണം

ആഗസ്റ്റിൽ റേഷൻ കടകൾ വഴി എഎവൈ വിഭാഗത്തിൽപ്പെട്ടവർക്ക് കാർഡിന് 30 കി.ഗ്രാം അരിയും അഞ്ച് കി.ഗ്രാം ഗോതമ്പും സൗജന്യമായി ലഭിക്കും. മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും നാല് കി.ഗ്രാം അരിയും ഒരു കി. ഗ്രാം ഗോതമ്പും കി. ഗ്രാമിന് രണ്ടു രൂപ നിരക്കിൽ ലഭിക്കും. പൊതുവിഭാഗം സബ്സിഡി കാർഡുകളിലെ ഓരോ അംഗത്തിനും രണ്ട് കി.ഗ്രാം അരി വീതം കിലോഗ്രാമിന് നാല് രൂപ നിരക്കിലും ലഭ്യതക്കനുസരിച്ച് കാർഡിന് രണ്ട് കി.ഗ്രാം മുതൽ മൂന്ന് കി.ഗ്രാം വരെ ഫോർട്ടിഫൈഡ് ആട്ട കി.ഗ്രാമിന് 17 രൂപ നിരക്കിലും ലഭിക്കും. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് കാർഡിന് എട്ടു കി.ഗ്രാം അരി 10.90 രൂപ നിരക്കിലും ലഭ്യതക്കനുസരിച്ച് കാർഡിന് രണ്ട് കി.ഗ്രാം മുതൽ മൂന്ന് കി.ഗ്രാം വരെ ഫോർട്ടിഫൈഡ് ആട്ട കി.ഗ്രാമിന് 17 രൂപ നിരക്കിലും ലഭിക്കും. വൈദ്യുതീകരിച്ച റേഷൻ കാർഡുടമകൾക്ക് മണ്ണെണ്ണ കാർഡിന് അരലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത റേഷൻ കാർഡുടമകൾക്ക് നാല് ലിറ്റർ വീതവും ലിറ്ററിന് 36 രൂപ നിരക്കിൽ ലഭിക്കുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

## റെസ്ക്യൂ ഓഫീസർ നിയമനം

വനിതാ ശിശു വികസന വകുപ്പിന് കീഴിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസിൽ റെസ്ക്യൂ ഓഫീസർ തസ്തികയിൽ കരാർ നിയമനം നടത്തുന്നു. എംഎസ്ഡബ്ല്യൂ ആണ് യോഗ്യത. പ്രായം 2019 ജനുവരി ഒന്നിന് 30 കവിയരുത്. താൽപര്യമുള്ളവർ തൃശൂർ ജില്ലയിൽ സ്ഥിരതാമസക്കാരാണെന്ന തെളിയിക്കുന്ന രേഖ പ്രായം, യോഗ്യത, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ആഗസ്റ്റ് 19 രാവിലെ ഒൻപതിന് അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശു സംരക്ഷണ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2364445, 7012196610.

## ഓണം ബോണസ്
## വിതരണ ക്യാമ്പ്

ഈ വർഷത്തെ ഓണം ബോണസ് അനുവദിക്കുന്നതിന് ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളുടെ ബയോമെട്രിക്ക് അറ്റൻഡൻസ് രേഖപ്പെടുത്തുന്നതിനായി ആധാർകാർഡ്, ബാങ്ക് പാസ് ബുക്ക്, ക്ഷേമനിധി അംഗത്വ പാസ്ബുക്ക്, ക്ഷേമനിധി ടിക്കറ്റ് അക്കൗണ്ട് ബുക്ക് എന്നിവ സഹിതം താഴെ പറയുന്ന സ്ഥലങ്ങളിൽ എത്തണം. തീയതി, സ്ഥലം യഥാക്രമത്തിൽ. ആഗസ്റ്റ് 10, 12, 13 – ഇരിങ്ങാലക്കുട ഭാഗ്യക്കുറി സബ് ഓഫീസ്: 16, 17-ചാവക്കാട് ഭാഗ്യക്കുറി സബ് ഓഫീസ്: 20-കൊടുങ്ങല്ലൂർ ടൗൺ ഹാൾ: 21-വടക്കാഞ്ചേരി നഗരസഭ കോംപ്ലക്സ്. ഫോൺ: 0487-2360492.

## മാറ്റി വച്ചു

ജില്ലയിലെ സിഎംഡിആർഎഫ്/സിഎംഒ പോർട്ടൽ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള ആഗസ്റ്റ് 13 ന് തൃശൂർ ടൗൺ ഹാളിൽ നടത്താനിരുന്ന പരിശീലനം മാറ്റിയതായി ജില്ലാ കളക്ടർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീടറിയിക്കും.

## സദ്ഭാവനാദിനാചരണം

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 ന് സദ്ഭാവനാദിനമായി ആചരിക്കുന്നു. അക്രമ മാർഗ്ഗങ്ങൾ വെടിഞ്ഞ് ദേശത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും പേരിലുള്ള വ്യത്യാസങ്ങൾ മറന്ന് എല്ലാ വിഭാഗം ജനങ്ങളിലും ദേശീയ ഐക്യവും പരസ്പര സ്നേഹവും വളർത്തുന്നതിനുള്ള സന്ദേശമാണ് സദ്ഭാവനദിനത്തിൽ ആചരിക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ ഓഫീസ് മേധാവികളും ആഗസ്റ്റ് 20 രാവിലെ 11 ന് സദ്ഭാവന പ്രതിജ്ഞ ചടങ്ങ് നടത്തണം.

# അശ്വമേധം രണ്ടാം ഘട്ടം
# ആഗസ്റ്റ് 19 മുതൽ

ലെപ്രസി രോഗനിർണ്ണ പ്രചരണ പരിപാടിയായ അശ്വമേധത്തിന്റെ രണ്ടാം ഘട്ടം ആഗസ്റ്റ് 19 മുതൽ സെപ്തംബർ ഒന്നു വരെ നടത്തും. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായുള്ള വകുപ്പുകളുടെ ഏകോപന യോഗം ആഗസ്റ്റ് 13 വൈകീട്ട് 4.30 ന് കളക്ടറേറ്റിൽ ചേരും. അശ്വമേധം ഒന്നാം ഘട്ടം കഴിഞ്ഞ ഡിസംബറിലാണ് സംഘടിപ്പിച്ചത്.

# പൊതുവിദ്യാഭ്യാസ മന്ത്രിയുടെ പരിപാടി മാറ്റിവെച്ചു

കനത്ത മഴയെത്തുടർന്ന് ഇന്ന് (ആഗ. 10) നടക്കാനിരുന്ന കൊടുങ്ങല്ലൂർ ഗവ.ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം മാറ്റിവെച്ചു. പൊതുവിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥ് ആണ് ഉദ്ഘാടനം ചെയ്യേണ്ടിയിരുന്നത്.

# അഴീക്കോട്-മുനമ്പം ജങ്കാർ സർവീസ് സർക്കാർ ഏജൻസി കളെ ഏൽപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

അഴീക്കോട് മുനമ്പം ജങ്കാർ സർവീസ് സർക്കാർ ഏജൻസികളെ ഏൽപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. പ്രതിദിനം നൂറുകണക്കിന് യാത്രക്കാരും ചരക്ക് വാഹന ങ്ങളും ആശ്രയിക്കുന്ന ജങ്കാർ സർവീസിന്റെ ഊന്നുകുറ്റി ഒടിഞ്ഞതിനെ തുടർന്ന് 5 മാസമായി ജങ്കാർ സർവീസ് നിർത്തിയിരിക്കുകയാണെന്ന പരാതിയിലാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസിന്റെ ഉത്തരവ്. കമ്മീഷൻ ജങ്കാർ നടത്തിപ്പുകാരായ ജില്ലാ പഞ്ചായത്തിൽ നിന്നും റിപ്പോർട്ട് വാങ്ങി. 2018 ജൂൺ 18 നാണ് ബൊള്ളാർഡ് പോളുകൾ ഒടിഞ്ഞതിനെ തുടർന്ന് സർവീസ് നിർത്തിയത്. കരാറുകാരൻ ബദൽ സംവിധാനമായി ബോട്ട് സർവീസ് നടത്തുന്നുണ്ട്.

ജങ്കാറിന്റെ അറ്റകുറ്റ പണികൾ നടത്തുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ കൊച്ചിൻ ഷിപ്പിയാഡാണ്. കേടായ ഭാഗം മാറ്റുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി 37,80,000 രൂപയുടെ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 10 ലക്ഷം രൂപയുടെ ആദ്യഗഡു കൈമാറി ജങ്കാർ സർവീസ് സർക്കാർ ഏജൻസികളെ ഏൽപ്പിക്കാൻ അനുവാദത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ജങ്കാർ സർവീസ് ഏറ്റെടുത്തു നടത്താനുള്ള കാലാവധി 2021 മേയ് 15 വരെയാണ്. ആയിരക്കണക്കിന് യാത്രക്കാർ ഉപയോഗിക്കുന്ന സർവീസ് മാസങ്ങളായി മുടങ്ങിയത് മനുഷ്യാവകാശ ലംഘനമാണെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു. ബദൽ സംവിധാനം കൊണ്ട് പ്രയോജനമില്ലെന്നും കമ്മീഷൻ നിരീക്ഷിച്ചു. അഴീക്കോട് -മുനമ്പം ജങ്കാർ സർവീസ് അറ്റകുറ്റപ ണിചെയ്യാൻ ഏൽപ്പിച്ച കരാറുകാരെ കൊണ്ട് അടിയന്തിരമായി പണി പൂർത്തിയാക്കി സർവീസ് പുനരാരംഭിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. തൃശൂർ ജില്ലാ കളക്ടർക്കും ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കുമാണ് ഉത്തരവ് നൽകിയത്. അഴീക്കോട് സ്വദേശി ബ്രിജിലാൽ നൽകിയ പരാതിയി ലാണ് നടപടി.